# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2226** **16.08.2017 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്ഥാപനങ്ങളിൽ സോളാർ വൈദ്യുതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ സ്ഥാപനങ്ങളെ സോളാർ വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാക്കാനുള്ള സമഗ്ര പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 13.04.2016-ലെ സ.ഉ.(എം.എസ്സ്) നം.16/2016/പി.എൽ.ജി., 27.04.2016-ലെ സ.ഉ.(എം.എസ്സ്) നം.19/2016/പി.എൽ.ജി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, സംസ്ഥാന പ്ലാനിംഗ് ബോർഡ് അഡീഷണൽ പ്ലാൻ ഫണ്ട് അലോക്കേഷനായി, 2016-17 വാർഷിക പദ്ധതികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ഉടമസ്ഥയിലുള്ള സർക്കാർ സ്കൂൾ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്ലാൻഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 14 ജില്ലാ പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പരിശോധന കെ.എസ്.ഇ.ബി.എൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ, 14 ജില്ലാ പഞ്ചായത്തുകളിലും കൂടി മൊത്തം 18.589 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിയ്ക്കാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ, സംസ്ഥാനത്തെ കളക്ടറേറ്റ് കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടത്തി തയ്യാറാക്കുകയും അനർട്ടിന് കൈമാറുകയും ചെയ്ത വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) പ്രകാരം സംസ്ഥാനത്തെ 14 കളക്ടറേറ്റുകളിൽ 9 ഇടത്ത് സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിയ്ക്കും എന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ആകെ സ്ഥാപിത ശേഷി 390 കിലോ വാട്ട് ആണ്. ഇത് കൂടാതെ മറ്റ് ചില സ്ഥാപനങ്ങളും സോളാർ പദ്ധതി സ്ഥാപിയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ അനെർട്ട് ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകാൻ പദ്ധതിയുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സിയാൽ മാതൃക സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പദ്ധതിയുടെ മുഴുവൻ പ്രവർത്തിയും ഇ.പി.സി.കരാർ അടിസ്ഥാനത്തിൽ ആണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള കരാറുകാരനെ കെ.എസ്.ഇ.ബി.എൽ ഇ-ടെൻഡർ വഴി കണ്ടെത്തും. |
| (സി) | ഇതിനു മുന്നോടിയായി സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവര ശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടി പ്രസ്തുത സ്ഥാപനത്തിന്റെ വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തുന്നുണ്ട്. |

P [signature]

സെക്ഷൻ ഓഫീസർ